
CSI CHRIST CHURCH
THIRUVANANTHAPURAM

MAY 2022

# TIDINGS

VOL : 14 NO : 5




## MOTTO 2022

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥയായിരിക്ക മർക്കോസ് 5:34

Your faith has made you well. Go in peace, and be healed of your disease. Mark 5:34

உன் விசுவாசம் உன்னை இரட்சித்தது, நீ சமாதானத்தோடே போய், உன் வேதனை நீங்கி, சுகமாயிரு. (மாற்கு 5:34)

# In Loving Memory Of



## Mr. George Mathew Vilayil

Cliff Dale Apartments, Nanthencode

**7th May 1949 to 22nd April 2022**

*"I am the resurrection and the life. Those who believe in me will live,*
*even though they die; and all those who live and believe in me will never die."*
*John 11:25*

Remmbered By
Mrs Annamma Mathew,
Neethi, Ron, Thara, Rekha

# TIDINGS

## MAY 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

### Vicar



**Rev. P. K. Chacko**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9961616929
Telephone: 2316033
vicar@csichristchurch.org

### Asst. Vicar



**Rev. Sam Mathew Roy**
Christ Church Parsonage
Fern Hill Bethel
Thycaud P.O,
Trivandrum-695014
Mobile: 9447006033
asst.vicar@csichristchurch.org

### Church Wardens

| | |
|---|---|
| Mr. George Koshie | 9447055518 |
| Mr. Korah Abraham | 9447155109 |

### Church Secretary

| | |
|---|---|
| Dr. Thomas Biju Mathew | 8075542177 |

### Lay Treasurer

| | |
|---|---|
| Mr. Paulraj K | 9447022463 |

### Internal Auditor

| | |
|---|---|
| Mr. Roy Philip (Alummootil) | 9895684681 |

### Church Committee Members

| | |
|---|---|
| Mr. Abraham Ninan | 9072170226 |
| Mr. Bibin Hezakiel V | 9447747755 |
| Mr. D Soman John | 9447007700 |
| Mr. Jacob K Varghese | 9495829627 |
| Mr. Jacob Thomas | 9495120219 |
| Adv. Mrs. K A Achamma | 9447152395 |
| Mr. Koshy George | 9745036120 |
| Mrs. Mariam Jacob | 9422400262 |
| Mr. Mathew Thomas | 9496371519 |
| Dr. Minu Jacob | 9446255011 |
| Mr. Robin Sam Kurien | 8921318737 |

### Diocesan Council Members

| | |
|---|---|
| Mr. Abraham Koshy | 9447388184 |
| Mr. Beju Joseph | 9495850181 |
| Mr. Biju Mathew | 9447101415 |
| Ms. Jolly Mathai | 9447570413 |
| Mr. Mathew John | 9847066965 |
| Adv. P J Koshy | 9249718765 |

### Senior Presbyters

| | |
|---|---|
| Very. Rev. Mathew Mathew | 2559965 |
| Rev. Dr. Jacob Verghis | 2432560 |
| Rev. Ninan Jacob | 9446324262 |
| Rev. Dr. George Joseph | 9447452473 |
| Rev. A. Viswasaraj (Tamil) | 9495349325 |

### Church Staff

| | |
|---|---|
| Mr. Aji George Jacob | 9495304997 |
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |


### Editorial Board

Rev. P. K. Chacko
Rev. Sam Mathew Roy
Mr. Saji Sam George (Convener)
Dr. Thomas Biju Mathew
Mr. George Koshie
Mr. Korah Abraham
Mr. Biju Mathew
Adv. P J Koshy
Mrs. Mariam Jacob
Mr. Ebby P Kuruvilla
Mr. Ambatt Shaji Joseph



## CSI CHRIST CHURCH
(Diocese of Madhya Kerala)

Palayam Trivandrum
Telephone: 2305902
Office: 2726033
Email: office@csichristchurch.org
www.csichristchurch.org

Online Edition-http://www.csichristchurch.org/tidings/

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. T.V.Jacob | 9645144175 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. P.K Mathew | 9497264607 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 8547247910 |
| Poojappura-Karamana | Mr. Eipe Kuruvilla | 9447694158 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mr. Jacob C. | 9496366635 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Ashish Mathew | 7736996978 |
| Young Family Fellowship | Mr. K.J. George | 9846275163 |
| Women's Fellowship | Mrs. Reena Kurian | 9496290773 |
| Almaya Fellowship | Mr. Eipe Kuruvilla | 9447694158 |
| Golden Age Fellowship | Mr. C.T. John | 9447694352 |
| Ecology Forum | Mr. M. J. Kuruvila | 9447734292 |
| Medical Forum | Dr. V. P. Philip | 9446684868 |
| Christuseva | Mr. Reji Easow Cherian | 7994455788 |
| Hindi Worship Service | Mr. Abhay Kumar | 9446948217 |

# 'Vicar's Reflections

Dearly beloved in Christ,

Loving greetings to all in the name of our resurrected Lord Jesus Christ.

The days in the month of May is a time we also remember the ascensionof Jesus. After the resurrection, Jesus met his disciples on several occasions. All these helped in the authenticationof his resurrection. The announcement by the Spirit that "He will come back in the same way as you saw him go" inspired the church to wait for the Lord. But for this the church has some mission activities to accomplish.

**1. An invitation for establishing peace.**

Jesus gave peace to his disciples who had lost their peace. 'Peace be with you'. Jesus Christ is the one who announces and proclaims peace (Isaiah 26: 3). It is after entrusting this mission to his disciples that Jesus ascended. Proclaiming that peace is the mission of all churches, even now. In this present century, we too have the responsibility to carry out this mission in and through us. The world is full of conflicts. It moves on with murders, riots, personal interests and pleasures. It is the duty of a believer to create peace in the midst of these frightening events. The church must also know that if we are in conflict within ourselves, the mission and the testimony will be humiliated alike. We must know that we become the offenders of peace when even the smallest things are blown up and complicated. The Christian mission is to create fearless or peaceful conditions.

**2. Mission as the Easter gift of Christ.**

The peace that the risen Christ gave to his disciples is the given mission.'As the Father has sent me, even so I send you'. Christ invites and sends us for the mission of the Father. Jesus came into this world with the mission of God the Father. The birth, life, ministry, death and resurrection of Jesus Christ are all God's plans. It is not by chance that we are all born on earth. It is a part of God's plan. There is a declaration of Pope Francis. It

goes like this: "I am a mission on this Earth". When we have this realisation, our lives will become meaningful. We will be able to live on earth with God's mission.

**3. Mission lead by the Power of Holy Spirit.**

The execution of the mission requires the power of the Holy Spirit. That is why we were told to receive power and bear witness till the end of the earth. The ministry of the first-century discipleswas always led by the intervention of the Holy Spirit. That is why the Church today needs a ministry filled by the power of the Holy Spirit. As I conclude, let us become a community waiting, working and hoping for the reappearance of the Lord. May God strengthen us.

We express our gratitude to all who participated and lead the Passion Week services. I have also observed people who are not concerned in these matters. What is in a membership if there is no commitment to God and to the church? It is not right to live in oblivion, forgetting the good things God has given you. Fellowship is a blessing that God has given to humankind. Let us be more enthusiastic in experiencing this blessing. May God bless us all.

**Rev. P. K. Chacko Achen**
Vicar

**Rev. Sam Mathew Roy Achen**
Asst.Vicar

---

**ഇടവക പട്ടക്കാരന്റെ കത്ത്**

കർത്താവിൽ പ്രിയരേ, എല്ലാവർക്കും ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. മെയ് മാസം കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനെ ഓർക്കുന്ന ദിനങ്ങൾ കൂടിയാണ്. കർത്താവിന്റെ ഉയിർപ്പിനുശേഷം പല അവസരത്തിൽ തന്റെ ശിഷ്യന്മാരുമായി യേശു സന്ധിക്കുന്നുണ്ട്. ഇതൊക്കെ തന്റെ ഉയിർപ്പിന്റെ സ്ഥിരീകരണത്തിന് കൂടുതലിടയാക്കി. “താൻ പോയതുപോലെ വീണ്ടും വരും ” എന്ന ദൂതഗണങ്ങളുടെ അറിയിപ്പ് സഭയെ കർത്താവിനുവേണ്ടി കാത്തിരിക്കുവാൻ പ്രേരകമായി. എന്നാൽ ഇവിടെ സഭയ്ക്ക് ചില ദൗത്യങ്ങൾ (Mission) ചെയ്യേണ്ടതായിട്ടുണ്ട്.

**1. സമാധാനം സ്ഥാപിക്കുവാനുള്ള ക്ഷണം An invitation for establishing peace**

സമാധാനം നഷ്ടപ്പെട്ട ശിഷ്യർക്ക് സമാധാനം നൽകുന്നു. “നിങ്ങൾക്കു സമാധാനം ദൈവം സമാധാനം ഘോഷിക്കുന്നവനും, പ്രസിദ്ധമാക്കുന്നവനുമാണ് ഈ ദൗത്യം ശിഷ്യരെ ഏല്പിച്ചിട്ടാണ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത്. ആ സമാധാനം ഇന്നും പ്രചരിപ്പിക്കുക എന്നത് സഭയുടെ ദൗത്യമാണ്. നമ്മിൽ തന്നെയും നമ്മിലൂടെയും ഈ നൂറ്റാണ്ടിൽ ഇതു ചെയ്യുവാൻ നമുക്ക് കടമയുണ്ട്. സംഘർഷപൂരിതമാണ് ലോകം. കൊലപാതക ങ്ങളുടെയും, കലാപങ്ങളുടെയും, വ്യക്തി താല്പര്യങ്ങൾക്കും സുഖത്തിനായി നടക്കുന്ന ഭയപ്പെടുത്തുന്ന സംഭവങ്ങളുടെയും നടുവിൽ സമാധാനം സൃഷ്ടിക്കുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ. സഭ അതിൽതന്നെ സംഘർഷപൂരിതമായാൽ സാക്ഷ്യവും ദൗത്യവും ഒരുപോലെ അപമാനിക്കപ്പെടും എന്നതും നാം അറിഞ്ഞിരിക്കണം. ചെറിയ കാര്യങ്ങളേപ്പോലും ഊതിവീർപ്പിച്ച് വലുതാക്കി സങ്കീർണ്ണതകൾ ആക്കുമ്പോൾ നാം സമാധാനത്തിന്റെ ഹിംസകരായി മാറുന്നു എന്ന് അറിഞ്ഞിരിക്കണം. ഭയരഹിതമായ അഥവാ സമാധാനപൂർണ്ണമായ അവസ്ഥകൾ സൃഷ്ടിക്കുക എന്നതാണ് ക്രൈസ്തവ ദൗത്യം.

**2. ക്രിസ്തുവിന്റെ പുനരുത്ഥാന സമ്മാനമായ പ്രേക്ഷിത ദൗത്യം (Mission as the Easter Gift of Christ)**

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യർക്കു നൽകുന്ന സമ്മാനമാണ് പ്രേക്ഷിതദൗത്യം. “പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയയ്ക്കുന്നു” പിതാവിന്റെ ദൗത്യത്തിനായി ക്രിസ്തു നമ്മെ ക്ഷണിക്കുകയും അയയ്ക്കുകയും ചെയ്യുന്നു. പിതാവായ ദൈവത്തിന്റെ ദൗത്യവുമായാണ് ക്രിസ്തു ഭൂമിയിൽ വന്നത്. യേശുക്രിസ്തുവിന്റെ ജനനവും, ജീവിതവും, ശുശ്രൂഷകളും, മരണവും, ഉയിർപ്പും എല്ലാം ദൈവത്തിന്റെ പദ്ധതിയാണ്. നാം എല്ലാവരും ഭൂമിയിൽ ജനിക്കുന്നത് യാദൃശ്ചികമല്ല; ദൈവത്തിന്റെ പദ്ധതിയാണ്. പോപ്പ് ഫ്രാൻസിസിന്റെ ഒരു പ്രസ്താവന ഉണ്ട്. അതിപ്രകാരമാണ് “ഭൂമിയിലെ ഒരു ദൗത്യമാണു ഞാൻ” (I am a Mission on this Earth) ഈ തിരിച്ചറിവ് നമുക്കും ഉണ്ടാകുമ്പോൾ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമായിത്തീരും. ദൈവത്തിന്റെ ദൗത്യവുമായി നമുക്ക് ഭൂമിയിൽ ജീവിപ്പാൻ സാധിക്കും.

**3. പരിശുദ്ധാത്മ ശക്തിയാൽ നയിക്കപ്പെടുന്ന പ്രേക്ഷിത ദൗത്യം (Mission leads by the Power of Holy Spirit)**

ദൗത്യനിർവ്വഹണത്തിന് പരിശുദ്ധാത്മ ശക്തി ആവശ്യമാണ്. അതുകൊണ്ടാണ് നിങ്ങൾ ശക്തി ലഭിച്ചിട്ട് ഭൂമിയുടെ അറ്റത്തോളം സാക്ഷികളാകാൻ പറഞ്ഞത്. ആദ്യനൂറ്റാണ്ടിലെ ശിഷ്യന്മാരുടെ ശുശ്രൂഷകളിൽ പരിശുദ്ധാത്മാവിന്റെ ഇടപെടൽ എന്നും അവരേ നയിച്ചിരുന്നു. അതുകൊണ്ടു തന്നെ പരിശുദ്ധാത്മ ശക്തിയിൽ നിറഞ്ഞ പ്രേക്ഷിതദൗത്യം ഇന്ന് സഭയ്ക്കാവശ്യമായിരിക്കുന്നു.

ഞാൻ ഉപസംഹരിക്കുമ്പോൾ കർത്താവിന്റെ പുനർ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്ന സമൂഹമായി നമുക്കുതീരാം; പ്രവൃത്തിക്കാം; പ്രത്യാശിക്കാം. ദൈവം നമ്മെ ശക്തീകരിക്കട്ടെ.

വിശുദ്ധവാര ആരാധനകളിൽ വന്നു സംബന്ധിക്കുകയും നേതൃത്വം നൽകുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു. ഈ കാര്യങ്ങളിൽ സംബന്ധിക്കാത്ത ആളുകളേയും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ദൈവത്തോടും സഭയോടും പ്രതിബദ്ധതയില്ലെങ്കിൽ പിന്നെ എന്ത് മെമ്പർഷിപ്പ്? ദൈവം തന്ന നന്മകളെ മറക്കുന്നത്, മറന്നു ജീവിക്കുന്നത് ശരിയല്ല. കൂട്ടായ്മ, ദൈവം മനുഷ്യനു നൽകിയിരിക്കുന്ന അനുഗ്രഹമാണ്. അതനുഭവിക്കുവാൻ കൂടുതൽ ഉത്സുഹരാകാം. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ സ്നേഹമുള്ള,

**റവ. പി. കെ. ചാക്കോ അച്ചൻ**
വികാരി

**റവ. സാം മാത്യു റോയി അച്ചൻ**
അസി. വികാരി

**CHURCH MONTHLY SUBSCRIPTION:2022-23**

Members can pay their monthly subcription, Thanks Offertory, Tidings advertisement fees for the current year through the green cover at church or at the Church office at Nanthancode.

Any payment through online may please be intimated to us on e-mail: **office@csichristchurch.org or informed to the Treasurer/Accountant**

**CHRIST CHURCH, TRIVANDRUM**

**SB: 13170100040167**

**Federal Bank, Nanthancode**
**IFSC: FDRL0001317**



# വാർത്തകളും കുറിപ്പുകളും

## 1. ആരാധനകൾ

ആരാധനാ സമൂഹം ശക്തമായി പ്രാർത്ഥിച്ച് കൊണ്ടിരുന്നത് പ്രകാരം നിയന്ത്രണങ്ങളിൽ അയവ് ലഭിച്ചത് കൊണ്ട് ഏപ്രിൽ മാസത്തെ എല്ലാ ആരാധനകളും പൂർവ്വ സ്ഥിതിയിലേക്ക് വന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. വരിസംഖ്യാ കുടിശ്ശികയുടെ പിരിവിനോട് സഭാജനങ്ങൾ പുലർത്തിയ ഉത്സാഹത്തിനും താല്പര്യത്തിനുമായി എല്ലാവരോടും നന്ദി. മാർച്ച് 31-ന് മുൻപ് പണമടയ്ക്കാൻ സാധിക്കാത്തവർ എത്രയും വേഗം ഓൺലൈൻ ആയി കുടിശ്ശിക തീർപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### എ) ഹോശാന ഞായർ

ഹോശാന ഞായർ ആരാധന ഏറ്റവും അനുഗ്രഹകരമായി നടന്നു. കുരുത്തോലയും, മലയാളം ആരാധനയ്ക്ക് മുമ്പ് നടത്തിയ പ്രദക്ഷിണവും കർത്താവിന്റെ ഹോശാന പെരുന്നാളിനെ അനുസ്മരിപ്പിച്ചു.

### ബി) വിശുദ്ധവാരധ്യാനയോഗങ്ങൾ

ഏപ്രിൽ 11 തിങ്കൾ മുതൽ 13 ബുധൻ വരെ വൈകിട്ട് നടത്തിയ 3 വിശുദ്ധവാരധ്യാനയോഗങ്ങളും ബുധനാഴ്ച പകൽ നടത്തിയ പ്രത്യേക സ്തോത്രപ്രാർത്ഥനായോഗവും ഏറ്റവും അനുഗ്രഹകരമായിരുന്നു. യെരുശലേം ദേവാലയത്തെയും, വിശുദ്ധ ആരാധനകളെയും പറ്റി ദൂത് നല്കിയ ശ്രീ. കെ. എൽ. ജോർജ്ജ് കുട്ടി സാറിനെയും, മനോഹരമായി ധ്യാനഗീതങ്ങൾ പാടിയ ധ്യാനയോഗ ഗായകസംഘാംഗങ്ങളെയും, ശ്രമകരമായ പരിശീലനങ്ങൾക്ക് നേതൃത്വം നല്കിയ ബിനോയിയെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. തത്സമയ സംപ്രേഷണം ചെയ്യാൻ സാധിച്ചില്ലെങ്കിലും റെക്കോർഡ് ചെയ്ത വീഡിയോ സഭാജന ങ്ങൾക്കായി പങ്ക് വച്ചത് അനേകർക്ക് പ്രയോജനപ്പെട്ടു ധ്യാനയോഗ ങ്ങളുടെ ക്രമീകരണങ്ങളുടെ കൺവീനർമാരായി പ്രവർത്തിച്ച ശ്രീ. കോശി ജോർജ്ജ്, തോമസ് ബിജു മാത്യു, ശ്രീമതി ജോളി

മത്തായി എന്നിവർക്ക് സഭയുടെ പേരിലുള്ള നന്ദി അർപ്പിക്കട്ടെ.

**സി) പെസഹാ വ്യാഴം**

ഏപ്രിൽ 14 പെസഹാ വ്യാഴാഴ്ചയിലെ രണ്ട് ആരാധനകളും അനുഗ്രഹീതമായിരുന്നു. പെസഹാ അപ്പത്തിന്റെ ഓർമ്മയ്ക്കായി ആരാധനയ്ക്കുശേഷം നൽകിയ ലഘുഭക്ഷണവും ആസ്വാദ്യകര മായി; എല്ലാറ്റിനുമായി ദൈവത്തിന് സ്തോത്രം.

**ഡി) വലിയവെള്ളി**

കോവിഡ് കാലഘട്ടത്തിനു മുമ്പ് നടത്തിയിരുന്നതുപോലെ വലിയവെള്ളി ആരാധന ഏറ്റവും നല്ല രീതിയിൽ നടത്തുവാൻ സാധിപ്പിച്ചതിനും, പ്രകൃതിയെ അനുകൂലമാക്കി തന്നതിനും ദൈവത്തിന് സ്തോത്രം. 850 ഓളം സഭാജനങ്ങൾ ആരാധനയിലും ആരാധനയ്ക്ക് ശേഷം സെന്റിനറിഹാളിൽ നടത്തിയ സ്നേഹവിരുന്നിലും സംബന്ധിച്ചു. ക്രൂശിലെ തിരുമൊഴികളെപ്പറ്റി വചനം സംസാരിച്ച റവ. നൈനാൻ ജേക്കബ് അച്ചൻ, റവ. ജോർജ്ജ് ജോസഫ് അച്ചൻ, ശ്രീ. കോര എബ്രഹാം, ഡോ. തോമസ് ബിജു മാത്യു എന്നിവരോട് ഇടവക വികാരിയുടെ പേരിലും സഭയുടെ പേരിലും നന്ദി അർപ്പിക്കുന്നു. ഉച്ചഭക്ഷണവിതരണത്തിന് ശ്രമദാനം നടത്തിയ എല്ലാ വോളണ്ടിയർമാരോടും, ഇതിന്റെ നടത്തിപ്പിനായി ചർച്ച് കമ്മിറ്റി നിയോഗിച്ച അഡ്വ. പി. ജെ. കോശി, ശ്രീ. ജേക്കബ് തോമസ്, ശ്രീ. ജേക്കബ് കെ. വർഗീസ് എന്നിവരോടുമുള്ള പ്രത്യേക നന്ദി പറയുന്നു.

**ഇ. പാഷൻ റിസൈറ്റൽ – സംഗീത സായാഹ്നം**

ഏപ്രിൽ 16 ശനിയാഴ്ച വൈകിട്ട് നടന്ന പാഷൻ റിസൈറ്റലിൽ അതിമനോഹരമായി ഗാനാലാപനം നടത്തിയ ഓരോ സഭാ സംഘടനാ ഗായകസംഘത്തെയും സഭയുടെ പേരിൽ അഭിനന്ദിക്കട്ടെ. ഈ പ്രോഗ്രാമിനെപ്പറ്റി കേട്ടറിഞ്ഞ്, നമ്മുടെ സഭാംഗങ്ങളല്ലാത്തവരും പങ്കെടുത്തതിൽ ഏറ്റവും സന്തോഷം അറിയിക്കുന്നു. പാട്ട് പരിശീലനത്തിന് മുൻകൈ എടുത്ത ശ്രീ. ജോൺ ജേക്കബ് ഈപ്പൻ (ബിനോയ്), ശ്രീ. മാത്യു തോമസ് (മനു) എന്നിവരോടും എല്ലാ കാര്യങ്ങളും ഏകോപിപ്പിച്ച കൈക്കാരൻ ശ്രീ. ജോർജ്ജ്കോശിയോടും, ശ്രുതിമധുരമായി പാടിയ അൽമായ, വിമൻസ് ഫെലോഷിപ്പ്, യൂത്ത് മൂവ്മെന്റ്, യംഗ് ഫാമിലി ഫെലോഷിപ്പ്, ചർച്ച് ക്വയർ, ചർച്ച് കമ്മിറ്റി, എല്ലാറ്റിലുപരി ഏവരു ടെയും ശ്രദ്ധ പിടിച്ചു പറ്റിയ സൺഡേസ്കൂൾ കുഞ്ഞുങ്ങളോടും

സഭയുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

**എഫ്) ഈസ്റ്റർ**

ഈസ്റ്റർ ദിനത്തിൽ അതിരാവിലെ 4.30 മുതൽ നാല് ആരാധനകളും ഏറ്റവും അനുഗ്രഹകരമായി നടന്നു.

**2. വി.ബി.എസ്.**

ഏപ്രിൽ 4 തിങ്കൾ മുതൽ 9 ശനി വരെ വൈകുന്നേരം നടത്തിയ ഓൺലൈൻ വി. ബി. എസിൽ കുട്ടികൾ ഏറ്റവും സന്തോഷത്തോടെ പങ്കെടുത്തു. സൺഡേസ്കൂൾ സെക്രട്ടറിയുടെ പ്രത്യേക റിപ്പോർട്ട് 11-ാം പേജിൽ കൊടുത്തിട്ടുണ്ട്.

**3. റവ. സജി ചെറിയാൻ മാമ്മൻ അച്ചന്റെ ചികിത്സ**

നമ്മുടെ മുൻ സഹവികാരി സജിചെറിയാൻ മാമ്മൻ അച്ചന്റെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെ വിദഗ്ദ്ധ പരിശോധനകൾ ഏതാണ്ട് പൂർത്തിയായി. മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് മുമ്പ് നടത്തേണ്ട ചികിത്സകൾ പൂർത്തിയാക്കിയ ശേഷം വെല്ലൂർ ബെത്സാഥാ സെന്ററിൽ ശസ്ത്രക്രിയയുടെ തീയതിക്കായി കാത്തുകഴിയുന്ന അച്ചനെയും ഡോണർ ആയി എത്തിയ സഹോദരൻ ബിജുവിനെയും അച്ചന്റെ കുടുംബാംഗ ങ്ങളെയും തുടർന്ന് പ്രാർത്ഥനയിൽ വഹിക്കേണമേ എന്ന് അഭ്യർത്ഥിക്കുന്നു. ചികിത്സയ്ക്കുവേണ്ടി നാം സ്വരൂപിച്ച തുകയിൽ നിന്ന് 5 ലക്ഷം രൂപ അയച്ചു കൊടുത്തു എന്ന് അറിയിക്കുകയും സഹായിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. തുടർന്നും സഹായിക്കാൻ താല്പര്യമുള്ളവർ സഭയുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യണമെന്ന് അപേക്ഷി ക്കുന്നു.

നമ്മുടെ സഭയിൽ വിവിധ രോഗങ്ങളാൽ, പ്രത്യേകിച്ച് കാൻസർ, കോവിഡാനന്തര പ്രശ്നങ്ങൾ എന്നിവയാൽ വിഷമിക്കുന്നവരുടെ വിടുതലിനും, യേശുകർത്താവിന്റെ അടിപ്പിണരുകളാലുള്ള പൂർണസൗഖ്യത്തിനു വേണ്ടി സഭയായി പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു, നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**തോമസ് ബിജു മാത്യു**

സെക്രട്ടറി

# ALMANAC

| | |
|---|---|
| 06-05-2022 | H E (Malayalam) Church 7.30 AM Friday |
| 08-05-2022 | **3rd Sunday after Easter**<br>**Commissioning by the Risen Lord**<br>**ഉയിർത്തെഴുന്നേറ്റ കർത്താവ് നിയോഗിക്കുന്നു**<br>OT: Jeremiah.9: 1 - 10 Psalm 47:<br>Epistle: 1 Timothy 4: 6 - 16 Gospel: John 20: 19 - 23<br>6.00 a.m. Matins (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Malayalam) 6.00 p.m. H.E. at Zenana |
| 11-05-2022 | H.E. (Malayalam) Zion Hall 5.00 PM Wednesday |
| 13-05-2022 | H E (Malayalam) Church 7.30 AM Friday |
| 15-05-2022 | **4th Sunday after Easter**<br>**Believing in Christ: The Truth**<br>**സത്യം : ക്രിസ്തുവിൽ വിശ്വസിക്കുക**<br>OT: Exodus 34: 1 - 9 Psalm 119: 89 - 96<br>Epistle: Ephesians 4: 7 - 16 Gospel: John 17: 6 - 19<br>6.00 a.m. Matins (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Malayalam) 6.00 p.m. Evensong at Zenana |
| 20-05-2022 | H E (Malayalam) Church 7.30 AM Friday |
| 22-05-2022 | **5th Sunday after Easter**<br>**Mission with Christ's Spirit**<br>**ദൗത്യം : ക്രിസ്തുവിന്റെ ആത്മാവിനോടൊപ്പം**<br>OT: 2 Kings 2: 9 - 16 Psalm 105: 1 - 11<br>Epistle: Acts 7: 54 - 60 Gospel: Matthew 28: 16 - 20<br>6.00 a.m. Matins (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Malayalam) 6.00 p.m. Evensong at Zenana |
| 27-05-2022 | H.E. (Malayalam) Church 7.30 AM Friday |
| 29-05-2022 | **6th Sunday after Easter**<br>**Lead by the Holy Spirit**<br>**പരിശുദ്ധാത്മാവേ നയിക്കുക**<br>OT: Exod. 36: 1 - 7 Psalm 107: 1 - 22<br>Epistle: Romans 8: 12 - 17 Gospel: John 14: 25 - 31<br>6.00 a.m. Matins (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Malayalam) 6.00 p.m. Evensong at Zenana |

| | | | | |
|---|---|---|---|---|
| 03-06-2022 | H.E. (Malayalam) | Church | 7.30 AM | Friday |
| 05-06-2022 | **Pentecost Sunday**<br>**Come Holy Spirit Set Us Free**<br>**പരിശുദ്ധാത്മാവേ വന്ന് ഞങ്ങളെ സ്വതന്ത്രരാക്കുക**<br>OT: Isaiah 61: 1 - 11<br>Epistle: Acts. 2: 1 - 13<br>6.00 a.m. H.E. (Tamil)<br>9.45 a.m. H.E. (Malayalam) | | Psalm 107: 31 - 43<br>Gospel: Luke 4: 16 - 21<br>7.30 a.m. H.E. (English)<br>6.00 p.m. Evensong at Zenana | |

## Thought for the Month

**"The more I study science, the more I believe in God"**
Albert Einstein( 1879 to 1955)
Perhaps the greatest scientist of all time, one of the greatest physicist and mathematician. He is well known for his "theory of relativity"

Biblical references on how one gains wisdom and belief in God
Jews demand signs and Greeks look for wisdom, but we preach Christ crucified: **..............** Christ the power of God and the wisdom of God. **1 Corinthians 1: 22 - 24**

At that time Jesus, full of joy through the Holy Spirit, said, "I praise you, Father, Lord of heaven and earth, because you have hidden these things from the wise and learned, and revealed them to little children. **Luke 10: 21**

But God chose the foolish things of the world to shame the wise; God chose the weak things of the world to shame the strong. God chose the lowly things of this world and the despised things and the things that are not, to nullify the things that are. **1 Corinthians 1: 27 - 28**

**Who was Peter?** An uneducated fisherman, Observe his life, after receiving the mighty power of the Holy Spirit on the day of Pentecost Are we able to grasp all he has written in his two Epistles ?



## സങ്കീർത്തനങ്ങളിൽകൂടി ഒരു യാത്ര...
## സങ്കീർത്തനങ്ങൾ – 11

യഹോവയെ ശരണമായി അംഗീകരിക്കുന്ന ഒരു മനോഹര ഗാനമാകുന്നു ഇടയസങ്കീർത്തനം. ശത്രുക്കളുടെ മുമ്പിൽ നിന്നു ദൈവസന്നിധിയിൽ അഭയം തേടുന്നതിനായി പാട്ടുകാരൻ ദൈവാലയത്തിൽ വന്നിരിക്കുന്നു.

ദുർവാർത്ത, യുദ്ധം, അക്രമം, കുറ്റകൃത്യം, രാഷ്ട്രീയ അരാജകത്വം ഇങ്ങനെയുള്ള സാഹചര്യങ്ങൾക്കതീതമായി ജീവിക്കുവാൻ ദൈവത്തിലേക്കു കണ്ണുകളുയർത്തുകയാണ് വേണ്ടതെന്ന് ദാവീദ് ഓർമ്മിപ്പിക്കുന്നു. ദാവീദ് തന്റെ മുൻവാതിൽ തുറന്നപ്പോൾ വെപ്രാളപ്പെട്ട് ഒര ദൂതൻ വന്നു നില്ക്കുന്നതുപോലെ വാടി വിളറിയ മുഖവും, ആകാംക്ഷാഭരിതമായ കണ്ണുകളും, വിറയ്ക്കുന്ന അധരങ്ങളും ഉള്ളവൻ, കിതയ്ക്കുന്ന ശബ്ദത്തോടെ ദുരിതത്തെപ്പറ്റി ഓർമ്മിപ്പിച്ചിട്ട് പർവ്വതത്തിലേക്ക് ഓടി രക്ഷപ്പെടാൻ ദാവീദിനെ ഉപദേശിക്കുന്നു. നിരാശയുടെയും അധൈര്യത്തിന്റെയും ഉപദേശം നല്കിയ സന്ദർശകനോടുള്ള ദാവീദിന്റെ മറുപടിയാണീ സങ്കീർത്തനം.

ആദ്യം തന്റെ സങ്കേതമായ ദൈവത്തിലുള്ള ആശ്രയത്തെ ദാവീദ് വ്യക്തമാക്കുന്നു. ആശ്രയമുള്ളപ്പോൾ ഓടുന്നതെന്തിന്? തന്റെ സമാധാനത്തെ കെടുത്തുവാൻ ശ്രമിക്കുന്ന ദുർവാർത്തയെ എറിഞ്ഞുകളയുന്നു.

എന്താണു പ്രതീക്ഷ? യഹോവ തന്റെ വിശുദ്ധ മന്ദിരത്തിലുണ്ട്. അവന്റെ പദ്ധതികളെ നിഷ്ഫലമാക്കുവാൻ യാതൊന്നിനും കഴിയുകയില്ല. ഭൂമിയിലെ ഏതൊക്കെ സാമ്രാജ്യങ്ങൾ ഇളകിയാലും വീണാലും ദൈവസിംഹാസനം സ്വർഗത്തിൽ സ്ഥിരമായിരിക്കുന്നു. ദൈവം സംഭവങ്ങളെ ദർശിക്കുന്നു എന്നു മാത്രമല്ല. ദുഷ്ടനെയും, നീതിമാനെയും പ്രവർത്തിക്കനുസരിച്ച് വിധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവം സ്നേഹമൂർത്തിയാണെങ്കിലും സാഹസം ചെയ്യുന്നവനെ വെറുക്കുന്നു.

സാഹസപ്രിയനെ വെറുക്കുന്നതുപോലെ ദൈവം നീതിമാനെ സ്നേഹിക്കുന്നു. നീതിമാന്റെ പ്രധാന പ്രതിഫലം ദൈവസന്നിധിയിൽ നില്ക്കും എന്നതാണ്.

പ്രതിസന്ധിയുടെ തിരമാലകൾ ഏതു സമയത്തും ഉണ്ടാകാം, എന്നാൽ അവിടെ ജയിക്കുന്നതു തടയാനാവാത്ത ദൈവേഷ്ടത്തിന്റെ വേലിയേറ്റമായിരിക്കും.

◉

# വി. ബി. എസ്. 2022

ഈ വർഷത്തെ വി. ബി. എസ്., ഏപ്രിൽ 4 മുതൽ ഏപ്രിൽ 9 വരെ ഓൺലൈൻ ആയി ക്രമീകരിച്ചു. അതിനു മുന്നോടി ആയി അദ്ധ്യാപകരുടെ ഒരു സമർപ്പണ മീറ്റിംഗ് ഏപ്രിൽ 2 ന് റവ. പി. കെ. ചാക്കോ അച്ചന്റെ നേതൃത്വത്തിൽ നടന്നു. ഈ വർഷത്തെ വി. ബി. എസ്. തീം, 2 കൊരി. 5:17 നെ അടിസ്ഥാനമാക്കി Great Change എന്നുള്ളത് ആയിരുന്നു. വി. ബി. എസ്. സമയം വൈകുന്നേരം 6.30 മുതൽ 8 മണിവരെ ആയിരുന്നു. ഈ വർഷത്തെ വി. ബി.എസ്. ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചത് കൊല്ലം CEF in charge, ശ്രീ. അലക്സ് മാത്യു ആയിരുന്നു. ഇതിൽ 144 കുട്ടികളും 19 അദ്ധ്യാപകരും പങ്കെടുത്തു. നമ്മുടെ ഇടവകയിൽ നിന്നുള്ള കുട്ടികൾ കൂടാതെ 22 കുട്ടികൾ വിവിധ മാർത്തോമ്മാ, സി. എസ്. ഐ. ഇടവകകളിലെ കുട്ടികളും ഇതിൽ പങ്കെടുത്തിരുന്നു. അവസാനദിവസം കുട്ടികളുടെ വിവിധ പരിപാടികൾ ഓൺലൈൻ ആയി നടത്തുന്നതിനും, ഏറ്റവും ഒടുവിലത്തെ പ്രോഗ്രാമായി, വി. ബി. എസിൽ പങ്കെടുത്ത എല്ലാ കുട്ടികളുടെയും സമർപ്പണത്തിനുമായി ക്രമീകരിച്ചു. റവ. സാം മാത്യു റോയ് അച്ചന്റെ സമാപന പ്രാർത്ഥനയോടും, റവ. പി. കെ. ചാക്കോ അച്ചന്റെ ആശീർവാദത്തോടുംകൂടെ ഏപ്രിൽ 9 ശനിയാഴ്ച വൈകിട്ട് ഈ വർഷത്തെ വി. ബി. എസ്. സമാപിച്ചു. കുട്ടികളെ താല്പര്യപൂർവ്വം ഇതിൽ ചേർക്കുകയും വിവിധ രീതിയിൽ ഇതിന്റെ നടത്തിപ്പിനെ സഹായിക്കുകയും ചെയ്ത എല്ലാവരോടും ഉള്ള നന്ദി ക്രൈസ്റ്റ് ചർച്ച് സൺഡേസ്കൂളിന്റെ പേരിൽ അറിയിക്കുന്നു.

**സൺഡേസ്കൂൾ സെക്രട്ടറി**

## കോമൺ വോൾട്ടിൽ 170 ഫാമിലി വോൾട്ടുകൾ കൂടെ നിർമ്മിക്കുന്നു

കല്ലറകളുടെ അപര്യാപ്തതയും സ്ഥലപരിമിതിയും കാരണം 170 ഫാമിലി വോൾട്ട് കൂടെ നിലവിലുള്ള കോമൺ വോൾട്ടിൽ നിർമ്മിക്കുവാൻ ചർച്ച് കമ്മിറ്റി തീരുമാനിച്ചു. നിർമ്മാണത്തിന്റെ ലേബർ കോൺട്രാക്ട് ക്ഷണിച്ചുകൊണ്ടുള്ള ടെണ്ടർ പരസ്യം നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്. താല്പര്യമുള്ളവർക്ക് ചർച്ച് ഓഫീസിൽ നിന്ന് ഫോം വാങ്ങാവുന്നതാണ്. ഫാമിലി വോൾട്ടുകളുടെ അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

**റവ. പി. കെ. ചാക്കോ**
ഇടവക വികാരി

# കർത്താവിന്റെ സ്വർഗ്ഗാരോഹണം മഹത്വീകരിക്കപ്പെട്ട ക്രിസ്തു

**റവ. സുബിൻ ജി. തോമസ്**, മിഷണറി, CSI Industrial Mission Bhilai

*ന*മ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാ രോഹണം നിസ്സംശയമായും ഒരു സുപ്രധാന സംഭവമാണ്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം ആണ് സഭയുടെ വിശ്വാസത്തിന്റെ അടിത്തറ എന്ന് നമുക്ക് പറയുവാൻ സാധിക്കും. അതാണ് നമ്മുടെ വിശ്വാസ പ്രഖ്യാപനവും. കർത്താവിന്റെ സ്വർഗ്ഗാരോഹണം കൊണ്ട് ദൈവമക്കൾക്ക് പ്രത്യാശയുടെ ഒരു കിരണം അവരുടെ ജീവിതത്തിലേക്ക് ലഭ്യമാകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ, ഒരു മനുഷ്യനെന്ന നിലയിൽ ഈ ഭൂമിയിലെ കാലാവധിയുടെ അവസാനവും സ്വർഗ്ഗീയ ഭരണത്തിന്റെ തുടക്കത്തെയും കുറിക്കുന്ന ഒന്നാണ് കർത്താവിന്റെ സ്വർഗ്ഗാരോഹണം.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഒരു ഗുരുവായിട്ട് പ്രസംഗിക്കുകയും, നമ്മുടെ പാപങ്ങൾക്കുവേണ്ടി ജീവൻ കാൽവറി ക്രൂശിൽ യാഗമായി അർപ്പിക്കുകയും, മൂന്നാം ദിവസം ഉയിർത്തെഴു ന്നേൽക്കുകയും ചെയ്ത സംഭവങ്ങൾ. കർത്താവ് ഈ ഭൂമിയിൽ അവതരിച്ചതിന്റെ ഉദ്ദേശത്തെ അടയാളപ്പെടുത്തുന്നു ഒരു രക്ഷകനെന്ന നിലയിൽ അവൻ രോഗികളെ സൗഖ്യമാക്കുകയും, തന്റെ ജീവൻ നൽകുന്ന അനുകമ്പയിലൂടെ ബലഹീനരെ താങ്ങുകയും, നുറുങ്ങിയ ഹൃദയങ്ങൾക്ക് ആശ്വാസമാവുകയും ചെയ്തു. എന്നാൽ അവന്റെ സ്വർഗ്ഗാരോഹണം ശ്രദ്ധേയമായ ഒരു വസ്തുതയാണ്, കാരണം അത് ദൈവത്തിന്റെ മഹത്വകരമായ ശക്തിയേയും അവന്റെ പരമാധി കാരത്തെയും കാണിക്കുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റപ്പെട്ടതിന്റെ അനന്തരഫലമാണ് പുത്രനായ ക്രിസ്തുവിന്റെ മഹത്വീകരണം. എല്ലാറ്റിനും ഉപരിയായി ക്രിസ്തു അതിൽ നിക്ഷ്പക്ഷമായ ദൗത്യം പൂർത്തീകരിച്ചു. ആയതുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിനുവേണ്ടി ഫലം കായ്ക്കുന്നത് എന്നതാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ (True Christian) കടമ. നമ്മിൽ ഓരോരുത്തരിലും ചില ദൗത്യങ്ങൾ ക്രിസ്തു ഭരമേല്പിച്ചിട്ടുണ്ട്. നമ്മുടെ ഈ ഭൂമിയിലെ ആയുസ് തീരുംമുമ്പേ നമ്മിൽ ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കുവാൻ നമുക്ക് സാധിക്കണം. ദൈവത്തിന് നമ്മോടുള്ള സ്നേഹവും അതോടൊപ്പം നമുക്ക് തന്ന വാഗ്ദാനങ്ങളും കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിലൂടെ നിറവേറ്റപ്പെടുകയാണ് ചെയ്യുന്നത്.

നാം ഇന്ന് തിരഞ്ഞെടുത്തിരിക്കുന്ന സ്വർഗ്ഗാരോഹണം- ക്രിസ്തുവിന്റെ മഹത്വീകരണം എന്ന വിഷയം, ദൈവവചനത്തിലും .......

ആവശ്യതകയെക്കുറിച്ചും, ക്രിസ്തുവിൽ പ്രത്യാശ വച്ചുകൊണ്ട്, നമ്മുടെ ദൗത്യം പൂർത്തീകരിക്കപ്പെടുവാനും നിത്യതയിൽ പിതാവ് നമുക്കായി വച്ചിരിക്കുന്ന "ജീവന്റെ കിരീടം" പ്രാപിക്കുവാനും നമുക്ക് ഇടയാകണം. രണ്ട് മൂന്ന് ചെറിയ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**1) ഒന്നാമതായി: യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം: നീതി സൂര്യന്റെ ഉദയത്തെയും ദൈവത്തിന്റെ പരമോന്നത ശക്തിയെയും സൂചിപ്പിക്കുന്നു. (ദാനിയേൽ 7:9–14)**

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് ദാനിയേലിനു ഉണ്ടാകുന്ന ദർശനത്തെക്കുറിച്ചാണ് ഈ വേദഭാഗത്ത് വിവരിച്ചിരിക്കുന്നത്. സമീപഭാവിയിൽ ദൈവജനം പീഡിപ്പിക്കപ്പെടും എന്നതിനാൽ ദൈവം ഈ വചനങ്ങളിലൂടെ തന്റെ മക്കളെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പീഡിപ്പിക്കപ്പെടുന്ന ദൈവജനത്തിനായി സ്വർഗ്ഗാരോഹണം ചെയ്തു കർത്താവ് മടങ്ങിവരും എന്നത് ആശ്വാസം നൽകുന്ന ഒരു സംഗതിയാണ്. ദാനിയേൽ 7:9–12 വരെയുള്ള വാക്യങ്ങളിൽ ദൈവ ത്തിന്റെ രാജ്യം അവന്റെ ശക്തിയും, വിശുദ്ധിയും, ദൈവരാജ്യത്തിന്റെ മഹത്വത്തെക്കുറിച്ചും വിവരിക്കുന്ന ഒന്നാണ്. 14–ാം വാക്യത്തിന്റെ, കർത്താവ് തന്റെ രാജത്വം എപ്രകാരമാണ് സ്ഥാപിക്കപ്പെടുന്നത് എന്ന് പറയുന്നു. "സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു.

**2) രണ്ടാമതായി: യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിലൂടെയും മഹത്വീകരണത്തിലൂടെയും ലഭ്യമായ അനുഗ്രഹങ്ങളും സന്തോഷവും ലൂക്കൊസ് 24:50–53**

സ്വർഗ്ഗാരോഹണത്തിന് മുമ്പ് ക്രിസ്തു ശിഷ്യന്മാരെ അനുഗ്രഹിക്കുന്നതായി ലൂക്കൊസ് 24:50–ൽ നമുക്ക് കാണാൻ സാധിക്കുന്നു. അതിനുശേഷം, സ്വർഗ്ഗാരോഹണം ചെയ്തു എന്ന് 51–ാം വാക്യത്തിൽ പറയുന്നു. ക്രിസ്തു ഒരു മനുഷ്യനായി ഈ ഭൂമിയിൽ അവതരിക്കുകയും, എന്നാൽ തന്റെ സ്വർഗ്ഗാരോഹണം ''ആത്മീയ ശരീരത്തിന്റെ" രൂപത്തിലും ആയിരുന്നു. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നമ്മുടെ ഇടയിലേക്ക് വരേണ്ടതിനുള്ള ഒരു മുഖാന്തരമായിരുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം 52–ാം വാക്യത്തിൽ ശിഷ്യന്മാർ മഹാസന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങി പോയതായി നാം വായിക്കുന്നു. ശിഷ്യന്മാർക്കുണ്ടായ മഹാസന്തോഷം, കർത്താവ് നമുക്ക് നൽകിയ അനുഗ്രഹത്തിന്റെ പ്രതിഫലനമാണ്. മനുഷ്യ രാശിക്കുള്ള വിലമതിക്കപ്പെട്ട സമ്മാനമാണ് അവൻ നമുക്ക് നൽകിയ അനുഗ്രഹങ്ങൾ.

പ്രിയരേ, സുവിശേഷം പ്രഘോഷിപ്പിക്കുവാൻ ഞാനും നിങ്ങളും അവനാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവ്

സ്വർഗ്ഗാരോഹണം ചെയ്യുകയും, നമ്മെ, ഓരോരുത്തരേയും ചേർപ്പാൻ അവൻ നീതിസൂര്യനായി രണ്ടാമത് മടങ്ങിവരികയും ചെയ്യും. കർത്താവിന്റെ മടങ്ങിവരവിനായിട്ടാണ് ഞാനും നിങ്ങളും കാത്തിരിക്കുന്നത്. എന്നാൽ കർത്താവിന്റെ രണ്ടാമത്തെ മടങ്ങിവരവിൽ, ഒരു അന്ത്യന്യായവിധി ഉണ്ടാകും. ആ സമയത്ത് നാം ചെയ്ത എല്ലാ പ്രവർത്തികൾക്കും നാം കണക്ക് ബോധിപ്പി ക്കേണ്ടവരാണ്. ക്രിസ്തുവിന്റെ നാമം എപ്പോഴും മഹത്വീകരിക്ക പ്പെടണം. നമ്മുടെ ജീവിതത്തിൽ എത്രയെത്ര നന്മകൾ അവൻ നൽകിയിട്ടുണ്ട്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം സന്തോഷത്തിന്റെ ഉറവിടമാണ്. നമുക്ക് ലഭിച്ച സന്തോഷവും അനുഗ്രഹങ്ങളും മറ്റുള്ളവരിലേക്ക് പകരപ്പെടേണ്ടതായിട്ടുണ്ട്. ◉

## BAPTISM

**REYAAN RAKESH,** S/o Mr. Mr. Rijul Reji and Mrs. Aditi Anna Susheel, Trivandrum, on 20 April 2022. (dob: 08 December 2021)

## OBITUARY



**MR.K.K.THARIAN** (86), (ID: T-008/ Page 440), Malayil , Sreekariyam, Trivandrum-17, passed away on 04th April 2022 and was buried in our Church Cemetery on 05th April 2022.



**MRS. SANTHAMMA THOMAS** (77), (ID: T-046/ Page 89), Thekkethil, Behind TTC, Kowdiar P.O, Trivandrum-3, passed away on 12th April 2022 and was buried in our Church Cemetery on 16th April 2022.



**MR. JACOB VARGHESE** (85), (ID:J004/ Page222) Pulimoottil, Nalanda, Nanthancode, Kowdiar P.O, passed away on 21st April 2022, and was buried in our Church Cemetery on 22nd April 2022.



**MR. GEORGE MATHEW VILAYIL** (72), (ID: G-008/ Page335), Vilayil, Cliff Dale Aapartment, Nanthencode, TVM passed away on 22nd April 2022 and was buried in our Church Cemetery on 23rd April 2022.

# In Loving Memory of



## Mr. K. K. Tharian

**Malayil House**

Loyola Road, Sreekariyam, Trivandrum

Who departed for his heavenly abode on

**4th April 2022**

**Remembered By:**

Mariamma & Shan

Beney, Sheeba & Nathaniel (ID No. B-012)

Biju, Bindu & Nikitha (ID No. B-029)

Benoy, Mini, Kevin & Christina (ID No. B-020)

# In Loving Memory of



## Mrs. Molly Varghese

26th November 1960 to 29th May 2015

FARIVIEW
TC No.9/3643 (1 & 2)
Chempazhanthy, 695587

# HOLY WEEK

# *Meditation*







# Passion Recital - 2022

























VBS
2022
CSI CHRIST CHURCH
4A-Jovana
3f Norah

## Second Death Anniversary

15th May 2022

In Fond Memory of



# Dr. W. K. Joseph

**Wattasseril**

Ulloor – Akkulam Road

Remembered By:
Mrs. Aleyamma Joseph (ID J – 075)
Jasmin, Jolly, Allen
Jim, Rekha, Jeevan, Joyce



## Tara & Anoop

MARRIED ON 21ST MARCH 2022

**D/o John P Zachariah & Susan Saji John**
**Puthuchira, Ambalamukku,Trivandrum**



# ഉയിർപ്പിന്റെ മഹത്വം

**"നാം** ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടി ജീവിച്ചു പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചുവളർത്തുന്നു" (തീത്തൊ. 2:12, 13).

ക്രിസ്തീയ ജീവിതത്തിന്റെ ശക്തി, ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും അധിഷ്ഠിതമാണ്. തന്റെ മരണത്താലും പുനരുത്ഥാനത്താലുമാണ് യേശു പഴയതിനെ നീക്കിയിട്ട് പുതിയതിന് വഴി തുറന്നത്. യേശു തന്റെ ദേഹം എന്ന തിരശീലയിൽ കൂടെ നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി (എബ്രാ. 10:19) മനുഷ്യവർഗ്ഗത്തിന് ജീവനുള്ള പ്രത്യാശ നല്കിക്കൊണ്ട് പിതാവായ ദൈവത്തിന്റെ ഹിതം പൂർണ്ണമായി തികെക്കുവാൻ പൊടിയും വെണ്ണീറുമായ നമ്മുടെ അടുക്കലേക്ക് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു. കഷ്ടതയിൽ നിന്ന് നമ്മെ ഉയർത്തി, അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ച് നമ്മെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു (എഫെ. 2:7). ജയിക്കുന്നവർക്ക് ഒരുക്കുന്ന തന്റെ സിംഹാസനത്തിൽ നമ്മെയും ചേർക്കുമെന്ന് മഹത്വമേറിയ വാഗ്ദത്തം നല്കിയിരിക്കുന്നു. വെളി. 3:20,21 -ൽ ഇപ്രകാരം നാം വായിക്കുന്നു "ഞാൻ വാതില്ക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും; ജയിക്കുന്നവൻ ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കാൻ വരം നല്കും. ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ; ഇത് എത്ര വലിയ സ്നേഹം എത്ര വലിയ പ്രത്യാശ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം.

യേശുവിന്റെ ക്രൂശുമരണമാണ് മഹത്വപൂർണ്ണമായ ആത്മീയാനുഭവങ്ങൾ പ്രാപിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. നമ്മുടെ കർത്താവിന്റെ ക്രൂശാൽ നമ്മുടെ പ്രശംസ. അവന്റെ ക്രൂശുമരണത്താൽ ഇത്ര വലിയ രക്ഷ നമുക്കുണ്ടായി. നമ്മുടെ കർത്താവിനെ അധിക്ഷേപിച്ചവർക്ക് അവന്റെ മരണം

ഒരു പരിഹാസ വിഷയമായി മാറി. ഇതോടെ നസ്രായന്റെ മാർഗ്ഗം അവസാനിച്ചു എന്നവർ ചിന്തിച്ചു. എന്നാൽ ക്രൂശുമരണത്തിൽ അവൻ മഹത്വത്തിന്റെ രാജാവായി വെളിപ്പെട്ടു എന്നത് എല്ലാവരും അംഗീകരിക്കേണ്ടി വന്നു. ക്രൂശുമരണം ഒരു പരാജയമായിരുന്നില്ല. പിന്നെയോ മനുഷ്യവർഗ്ഗത്തിനുവേണ്ടി സാത്താന്റെ മേൽ ഉയർത്തിയ ജയത്തിന്റെ കൊടിയായിരുന്നു, യേശുവിന്റെ കാൽവറി യാഗം. യേശു ദൈവത്തിന്റെ മഹത്വത്തോടെ വന്ന് മഹത്വത്തിന്റെ രാജാവായി തന്റെ ജീവനെ വെടിഞ്ഞു. യേശു അത്യുച്ചത്തിൽ പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ എല്പിക്കുന്നു എന്ന് നിലവിളിച്ചു പറഞ്ഞു. ഇതു പറഞ്ഞിട്ട് പ്രാണനെ വിട്ടു (ലൂക്കൊ. 23:46).

യേശുക്രിസ്തു ഈ ലോകത്തിൽ ജനിച്ച നാൾ മുതൽ പിതാവിന്റെ കയ്യിൽ തന്റെ ആത്മാവിനെ ഏല്പിക്കുന്നതുവരെയും തന്റെ ജീവനെ അപഹരിക്കുവാൻ ശത്രു അനേകം കണികൾ ഉപയോഗിച്ചു. എന്നാൽ തന്റെ ഐഹിക ജീവകാലത്ത് പിതാവിന്റെ പ്രവൃത്തി തികെക്കേണ്ട സമയമായപ്പോൾ തനിക്കു നേരിട്ട പരീക്ഷകളുടെ മദ്ധ്യേ അവൻ മഹത്വത്തിന്റെ രാജാവായി വെളിപ്പെടുകയായിരുന്നു.

യേശുക്രിസ്തുവിന്റെ മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നമുക്കുവേണ്ടി, സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1 പത്രൊ. 1:3-5) നമ്മുടെ പ്രത്യാശ ജീവനുള്ളതാണ്. അത് പൂർണ്ണമാകുന്നത് ഈ കർത്താവ് അതിനെക്കുറിച്ച് പറയുമ്പോൾ. ഈ പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരമാണെന്നും അത് നിശ്ചയവും സ്ഥിരവും തിരശ്ശീലക്ക് അകത്തേക്ക് കടക്കുന്നതുമാണെന്നും പറയുന്നു. അവിടേക്ക് നമ്മുടെ മഹാപുരോഹിതനായി കർത്താവായ യേശു മുൻകൂട്ടി പ്രവേശിച്ചിരിക്കുന്നു (എബ്രാ. 6:19, 20). അതുകൊണ്ട് ഈ പ്രത്യാശ നമ്മെ അതിവിശുദ്ധസ്ഥലത്തേയ്ക്കു നയിക്കുന്നു.

ഉയിർപ്പിന്റെ മഹത്വം അല്ലെങ്കിൽ പുനരുത്ഥാനത്തിന്റെ തേജസ്സിനെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാവരും ഒരേ സമയത്തല്ല പുനരുത്ഥാനം പ്രാപിക്കുന്നത് എന്നും ഓരോരുത്തരുടെയും - ക്രിസ്തുവുമായുള്ള ആത്മീയ ബന്ധത്തിൽ അനുസരണമായി അവരവർ താന്താങ്ങളുടെ നിരയിലാണ് പുനരുത്ഥാനം പ്രാപിക്കുന്നത് എന്നും വിശുദ്ധ പൗലോസ് പ്രസ്താവിച്ചിരിക്കുന്നു (1 കൊരി. 15:23). ആദ്യഫലം ക്രിസ്തു അല്ലെങ്കിൽ ഒന്നാമത്തേത് ക്രിസ്തു; രണ്ടാമത്തേത് ക്രിസ്തുവിനുള്ളവർ. അവന്റെ വരവിങ്കലും ആകുന്നു എന്നത്രേ.

ഒരാൾക്ക് പ്രാപിക്കാവുന്ന ഏറ്റവും ഉന്നതമായ പുനരുത്ഥാനത്തെ ക്കുറിച്ച് സൂചന നല്കിക്കൊണ്ട് ലാസറിന്റെ കല്ലറയ്ക്കൽ നിന്ന് "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരി ക്കയില്ല എന്നു പറഞ്ഞു (യോഹ. 11:25,26).

യേശുക്രിസ്തുവിന്റെ രഹസ്യവരവിങ്കൽ "ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും, അവനിൽ വിശ്വസിച്ചുകൊണ്ട് അപ്പോൾ ജീവ നോടെ ഇരിക്കുന്നവർ മരിക്കാതെ തങ്ങളുടെ ഭൗതിക ശരീരം നൊടിയിടയിൽ ക്രിസ്തുവിന്റെ തേജസ്സുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെട്ട് എടുത്തു കൊള്ളപ്പെടുകയും ചെയ്യുന്ന ഉത്പ്രാണത്തെക്കുറിച്ചാണ് വി. പൗലോസ് സൂചിപ്പിച്ചിരിക്കുന്നത് (ഫിലി. 3:21). ദൈവജനത്തെ ക്രിസ്തു വിന്റെ പുനരുത്ഥാനത്തിനു തുല്യമായ പുനരുത്ഥാനത്തിനായി ഒരുക്കേണ്ടതി നായി തേജസ്സുള്ള സുവിശേഷം നമുക്കു നല്കിയിരിക്കുന്നു (റോമ. 6:5).

പുനരുത്ഥാനത്തിന്റെ നിരയിൽ മണവാട്ടിയുടെ തേജസ്സുള്ള പുനരു ത്ഥാനമായ ഉത്പ്രാപണവും അതിന് ശേഷമുള്ള പുനരുത്ഥാനങ്ങളുമായി താര തമ്യം ചെയ്യുമ്പോൾ ഉത്പ്രാപണം അതിശ്രേഷ്ഠമാകുന്നു. ഉത്പ്രാപണത്തി ങ്കൽ പുനരുത്ഥാനം പ്രാപിക്കുന്നവർ മാത്രമെ യേശുക്രിസ്തുവിന്റെ ശരീര ത്തിന് അനുരൂപമായ പുനരുത്ഥാനശരീരം പ്രാപിക്കുകയുള്ളൂ. ഇങ്ങനെ പുന രുത്ഥാനം പ്രാപിക്കുന്നവരെ ക്രിസ്തുവിനോടുകൂടെ ഇരുത്തേണ്ടതിന് പിതാ വിന്റെ സിംഹാസനത്തിലേക്ക് നേരിട്ട് ആനയിക്കുന്നു (വെളി. 3:21)

ക്രിസ്തീയ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും അടിസ്ഥാന തത്വം പുനരുത്ഥാനം എന്ന സത്യമാണ് (1 കൊരി 15:14, എബ്രാ. 6:1,2). ക്രിസ്തു ഉയിർത്തെഴുന്നേറ്റ ഉടൻ തന്നെ ആ സംഭവത്തെ മൂടിവയ്ക്കാൻ അന്നത്തെ ആത്മീയനേതാക്കൾ ശ്രമം ആരംഭിച്ചു. യേശുവിന്റെ ക്രൂശീകരണത്തിനുശേഷം അവനെ ജീവനോടെ കണ്ടതായി പലരും അവകാശപ്പെടുകയും അതേസമയം അധികാരികൾക്ക് ക്രിസ്തുവിന്റെ ശരീരം കണ്ടുപിടിക്കാൻ കഴിയാതിരിക്കയും ചെയ്ത സാഹചര്യത്തിൽ കല്ലറയ്ക്കലെ കാവൽക്കാർ ഉറങ്ങിയ സമയത്ത് യേശുവിന്റെ ശിഷ്യന്മാർ വന്ന് അവന്റെ ശരീരം എടുത്തുകൊണ്ടുപോയി എവിടെയോ ഒളിച്ചു വച്ചിരിക്കുന്നു എന്ന് അധികാരികൾ വ്യാജ പ്രചാരണം നടത്തി. ആദിമസഭാ കാലയളവിൽ പുനരുത്ഥാനത്തിന് എതിരെയുള്ള വ്യാജവാർത്തകൾ പ്രചരിച്ചതുപോലെ ഇപ്പോഴും നിലനിന്നു പോരുന്നു.

പുനരുത്ഥാനത്തെ കൊയ്ത്തിനോട് ഉപമിച്ചാണ് വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. കർത്താവിന്റെ വരവിനായി മുൻമഴയാലും പിൻമഴയാലും വിലയേറിയ ആദ്യഫലങ്ങൾ ഒരുക്കപ്പെടുന്നതായി യാക്കോബിന്റെ ലേഖനം 1:18, 3,7 വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു.

ഉത്പ്രാപണത്തെ ദൈവവചനത്തിൽ പ്രഭാതത്തോടും ഉപമിച്ചിരിക്കുന്നു. അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളത്- അവൻ മഴപോലെ ഭൂമിയെ നനയ്ക്കുന്നു. പിൻമഴപോലെ തന്നെ നമ്മുടെ അടുക്കൽവരും എന്നു ഹോശയാ 6:3-ൽ പറഞ്ഞിരിക്കുന്നു. പാപം നിറഞ്ഞ ലോകത്തിൽ വിശുദ്ധന്മാരെ സംബന്ധിച്ചിടത്തോളം രാത്രിക്കായി പകൽ അടുത്തിരിക്കുന്നു എന്ന അനുഭവമാണ് ഇപ്പോൾ ഉള്ളത് (റോമ. 13:12)

